ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ. മന. ബി)

തിരുവനന്തപുരം

നമ്പർ. 55/2021/ഇ 8/ഡിപി (1) തീയതി. 29.05.2021

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട്/ജില്ലാ ഫാറം ഓഫീസർ - സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. കണ്ണൂർ ജില്ലാ ഫോറം ഓഫീസർ ശ്രീമതി പി.എസ്. സന്ധ്യാദേവി സമർപ്പിച്ച 05/05/2021 ലെ അപേക്ഷ.
2. കോഴിക്കോട് ജില്ലാ ഫോറം ഓഫീസർ ശ്രീമതി എസ്.ആർ ശ്രീകല സമർപ്പിച്ച 03/05/2021 ലെ അപേക്ഷ.
3. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ പബ്ലിക്കേഷൻ അസിസ്റ്റന്റ് ശ്രീമതി ആർ.എസ്. ഷാജിദ സമർപ്പിച്ച 28/05/2021 ലെ അപേക്ഷ.

## ഉത്തരവ്

അച്ചടി വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും ഭരണപരമായ സൗകര്യാർത്ഥം താഴെ പറയുന്ന ജീവനക്കാരെ ഉടനടി സ്ഥലംമാറ്റി താഴെ പറയും പ്രകാരമുള്ള സ്ഥലംമാറ്റം/നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയം | സ്ഥലംമാറ്റം/ നിയമനം നൽകി നിയമിക്കുന്ന കാര്യാലയം | ഒഴിവ് സംബന്ധിച്ച വിവരം |
|---|---|---|---|
| 1. | ശ്രീമതി പി.എസ്. സന്ധ്യാദേവി ,<br>ജില്ലാ ഫാറം ഓഫീസർ,<br>ജില്ലാ ഫാറം സ്റ്റോർ,<br>കണ്ണൂർ. | സ്ഥലംമാറ്റം<br>ഓഫീസ് മാനേജർ,<br>ഗവ. സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | ശ്രീമതി എം.എസ്. ഗീത വിരമിച്ച ഒഴിവിൽ |
| 2. | ശ്രീമതി എസ്.ആർ ശ്രീകല,<br>ജില്ലാ ഫാറം ഓഫീസർ,<br>ജില്ലാ ഫാറം സ്റ്റോർ,<br>കോഴിക്കോട്. | സ്ഥലംമാറ്റം<br>പബ്ലിക്കേഷൻ അസിസ്റ്റന്റ്,<br>ഗവ. സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | ശ്രീമതി ആർ.എസ്. ഷാജിദയെ സീനിയർ സൂപ്രണ്ടായി നിയമിച്ച ഒഴിവിൽ |
| 3. | ശ്രീമതി ആർ.എസ്. ഷാജിദ,<br>പബ്ലിക്കേഷൻ അസിസ്റ്റന്റ്,<br>ഗവ. സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം. | സെക്ഷൻ മാറ്റം<br>സീനിയർ സൂപ്രണ്ട് (ഭരണ വിഭാഗം),<br>ഗവ. സെൻട്രൽ പ്രസ്സ്,<br>തിരുവനന്തപുരം.<br>(നിലവിൽ വഹിച്ചുവരുന്ന സ്പെഷ്യൽ സെല്ലിന്റെ ചുമതല തുടരുവാൻ അനുവദിക്കുന്നു) | ശ്രീ. വി.എസ്. സന്തോഷ് കുമാർ 31/05/2021 ൽ വിരമിക്കുന്ന ഒഴിവിൽ |

(.......2)

തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ പബ്ലിക്കേഷൻ അസിസ്റ്റായി ജോലി ചെയ്യുന്ന ശ്രീമതി ആർ.എസ്. ഷാജിദ അച്ചടി വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് (ഭരണ വിഭാഗം) ന്റെയും ഓഫീസ് മാനേജരുടെയും പൂർണ്ണ അധിക ചുമതല സീനിയർ സൂപ്രണ്ട് (ഭരണ വിഭാഗം) ശ്രീ. വി.എസ്. സന്തോഷ് കുമാറിൽ നിന്നും ഏറ്റെടുക്കേണ്ടതാണ്.

തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ ഓഫീസ് മാനേജരായി സ്ഥലംമാറ്റ നിയമനം ലഭിച്ച കണ്ണൂർ ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസർ ശ്രീമതി പി.എസ്. സന്ധ്യാദേവി നിലവിൽ വഹിച്ചു വരുന്ന ജില്ലാ ഫോറം ഓഫിസറുടെ പൂർണ്ണ അധിക ചുമതല കണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ. അനസ് അലിയാറിന് കൈമാറേണ്ടതും നിലവിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഓഫീസ് മാനേജരുടെ ചുമതല ശ്രീമതി ആർ.എസ്. ഷാജിദയിൽ നിന്നും ഏറ്റെടുക്കേണ്ടതാണ്.

തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ പബ്ലിക്കേഷൻ അസിസ്റ്റായി സ്ഥലംമാറ്റ നിയമനം ലഭിച്ച കോഴിക്കോട് ജില്ലാ ഫോറം സ്റ്റോറിലെ ജില്ലാ ഫോറം ഓഫീസർ ശ്രീമതി എസ്. ആർ ശ്രീകല നിലവിൽ വഹിച്ചു വരുന്ന ജില്ലാ ഫോറം ഓഫിസറുടെ പൂർണ്ണ അധിക ചുമതല കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് ശ്രീ. വി. ജയകുമാറിന് കൈമാറേണ്ടതും നിലവിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ പബ്ലിക്കേഷൻ അസിസ്റ്റന്റിന്റെ ചുമതല വഹിക്കുന്ന ശ്രീമതി ആർ.എസ്. ഷാജിദയിൽ നിന്നും പബ്ലിക്കേഷൻ അസിസ്റ്റന്റിന്റെ ചുമതല ഏറ്റെടുക്കേണ്ടതാണ്.

സ്ഥലംമാറ്റപ്പെട്ട ജീവനക്കാർക്ക് ചേരുംകാലത്തിനും യാത്രാബത്തയ്ക്കുമുള്ള അർഹത നിയമാനുസൃതമായിരിക്കും. അപേക്ഷ പ്രകാരം സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരന് ചേരുംകാലത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇപ്പോൾ ജോലി ചെയ്യുന്ന സ്റ്റേഷനിൽ ഒരു വർഷം പൂർത്തിയാക്കിയിട്ടുള്ള പക്ഷം യാത്രാബത്തയ്ക്കുള്ള അർഹത നിയമാനുസൃതമായിരിക്കും.

ഒപ്പ്/-,
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തികൾക്ക്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, കണ്ണൂർ/കോഴിക്കോട്/തിരുവനന്തപുരം.

ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം.

ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ. പ്രസ്സ്, കോഴിക്കോട്.

അസിസ്റ്റന്റ് സൂപ്രണ്ട്, ഗവ. പ്രസ്സ്, കണ്ണൂർ.

ജില്ലാ ഫാറം ഓഫീസർ, ജില്ലാ ഫാറം സ്റ്റോർ, കണ്ണൂർ/കോഴിക്കോട്.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./ഫാറം കൺട്രോളർ./സീനിയർ സൂപ്രണ്ട്./പബ്ലിക്കേഷൻ അസിസ്റ്റന്റ്./ഓഫീസ് മാനേജർ/ജൂനിയർ സൂപ്രണ്ട്.ഇ II., പബ്ലിക്കേഷൻ./പബ്ലിക്കേഷൻ സ്റ്റോർ കീപ്പർ./എ 5 സീറ്റ്/ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.